# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5775** **29.07.2015-ന് മറുപടിക്ക്**

## പരിസ്ഥിതി ലോല മേഖലകളുടെ അതിർത്തി നിർണ്ണയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതിലോല മേഖലകളുടെ അതിർത്തി നിർണ്ണയത്തിൽ വ്യക്തത ആവശ്യപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ കത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) പരിസ്ഥിതിലോല പ്രദേശത്തിന്റെ അതിർത്തി നിർണ്ണയിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല പ്രദേശത്തിന്റെ അതിർത്തി നിർണ്ണയിക്കുവാനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് , സെക്രട്ടറി, വില്ലേജ് ഓഫീസർ, സർവ്വെ ഉദ്യോഗസ്ഥർ, വനംവകുപ്പ് ഉദ്യോഗസ്ഥർ, കൃഷി ഓഫീസർ എന്നിവരടങ്ങിയ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) അതിർത്തി നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പിനെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) മേൽപ്പറഞ്ഞ പ്രകാരമുള്ള പഞ്ചായത്തുതല സമിതിയിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറും സർവ്വെ ഉദ്യോഗസ്ഥനും അംഗമാണ്. |
| (സി) ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കി പരിസ്ഥിതിതലോല മേഖലയുടെ അതിർത്തി നിർണ്ണയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;<br>(ഡി) നിലവിൽ വനഭൂമിയും റവന്യൂ ഭൂമിയും ജണ്ടയിട്ട് തിരിച്ചതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല മേഖലയുടെ അതിർത്തി ആയി പരിഗണിക്കുവാൻ നിർദ്ദേശം നൽകുമോ ? | (സി) യും (ഡി) യും ഉമ്മൻ വി.ഉമ്മൻ കമ്മിറ്റിയും പഞ്ചായത്തുതല സമിതിയും തയ്യാറാക്കിയ പരിസ്ഥിതിലോല വില്ലേജുകളുടെ അതിർത്തികൾ രേഖപ്പെടുത്തുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇക്കാര്യത്തിൽ ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ ശുപാർശകളും കഡസ്ട്രൽ മാപ്പും പ്രകാരമുള്ള അതിർത്തി വിവരണ റിപ്പോർട്ട് ഉടൻതന്നെ കേന്ദ്രസർക്കാരിനു സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ